# ഇന്ത്യ ഇൻ്റർനാഷണൽ ട്രേഡ് ഫെയർ (ഐഐടിഎഫ്) 2025

## റിപ്പോർട്ട്

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സംഘടിപ്പിച്ച 44-ാമത് ഇന്ത്യ ഇൻ്റർനാഷണൽ ട്രേഡ് ഫെയറിലെ (ഐഐടിഎഫ്) കേരളത്തിൻ്റെ പവലിയൻ നവംബർ 14 ന് മുഖ്യമന്ത്രി ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ.വി. തോമസ്, കേരള ഹൗസ് റസിഡൻ്റ് കമ്മീഷണർ ശ്രീ. പുനീത് കുമാർ ഐ.എ.എസ്., വിവര-പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ ശ്രീ. ടി.വി. സുഭാഷ് ഐ.എ.എസ്., കേരളഹൗസ് അഡീഷണൽ റസിഡൻ്റ് കമ്മീഷണർ ഡോ. അശ്വതി ശ്രീനിവാസ് ഐ.എ.എസ്. എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



2025 നവംബർ 14 മുതൽ 27 വരെ സംഘടിപ്പിച്ച അന്താരാഷ്ട്ര വ്യാപാര മേളയിൽ നാലാം നമ്പർ ഹാളിലായിരുന്നു കേരളത്തിന്റെ 299 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള പ്രദർശനവേദി. 'ഏക് ഭാരത് ശ്രേഷ്ഠ ഭാരത്' എന്നതായിരുന്നു ഈ വർഷത്തെ മേളയുടെ ആശയം. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിലാണ് കേരളത്തിൻ്റെ പവലിയൻ ഒരുക്കിയത്. സംസ്ഥാന ബാംബു മിഷൻ്റെതുൾപ്പെടെ കേരളത്തിൽ നിന്നുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരുടെ ഉത്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സ്റ്റാളുകൾ ക്രമീകരിച്ചിരുന്നു.

ഇന്ത്യൻ ഇന്റർനാഷണൽ ട്രേഡ് ഫെയർ 2024 (ഐഐടിഎഫ്) - ൽ കേരള പവലിയനിലെ മികച്ച സ്റ്റാൾ ക്രമീകരണ പുരസ്കാരം സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലെ കേരള സ്റ്റേറ്റ് ബാംബു മിഷൻ കരസ്ഥമാക്കി.രാജ്യാന്തര വ്യാപാര മേളയിൽ കൗശലത്തിൻ്റെ വൈവിധ്യവുമായി സന്ദർശകരുടെ മനംകവർന്ന കേരള പവിലിയനിലെ മികച്ച പങ്കാളിത്തത്തിനും പ്രകടനത്തിനുമുള്ള അംഗീകാരമായാണ് ''കേരള സ്റ്റേറ്റ് ബാംബു മിഷൻ  മികച്ച സ്റ്റാൾ ക്രമീകരണ പുരസ്കാരം കരസ്ഥമാക്കിയത്.




സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ പ്രവർ ത്തിക്കുന്ന കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ നേതൃത്വത്തിലാണ് 'കേരള സ്റ്റേറ്റ് ബാംബു മിഷൻ സ്റ്റാൾ തയ്യാറാക്കിയത്. രാജ്യാന്തര വ്യാപാര മേളയുടെ കേരള പവിലിയനിലെ  ബാംബു മിഷൻ സ്റ്റാളിൽ വൈവിധ്യതയും കൗതുകവും നിറച്ച ഒട്ടനവധി മുള അനുബന്ധ കരകൗശല ഉത്പന്ന വസ്തുക്കളായിരുന്നു വിൽപ്പനക്കും പ്രദർശനത്തിനുമായി കരുതിയിരുന്നത്

കേരള പവിലിയനിൽ പങ്കെടുത്ത വിവിധ വകുപ്പുകളിൽ നിന്നുമാണ് കേരള സംസ്ഥാന ബാംബു മിഷൻ മികച്ച  സ്റ്റാൾ ക്രമീകരണത്തിൽ ഒന്നാം സ്ഥാനം സ്വന്തമാക്കിയത് കേരളത്തിലെ മുള കരകൗശല കലാകാരന്മാർ  അണിനിരന്ന സ്റ്റാളുകൾ ഉത്പ്പന്ന വൈവിധ്യം കൊണ്ടും സന്ദർശക ബാഹുല്യം കൊണ്ടും ഏറെ പ്രശംസ പിടിച്ചുപറ്റിയിരുന്നു.  കേരള ബാംബൂ മിഷനെ കൂടാതെ സാംസ്കാരിക വകുപ്പ്, കയർ വികസന വകുപ്പ്, ഹാൻ്റ് ലൂം ആൻഡ് ടെക്സ്റ്റയിൽസ്, കോ-ഓപ്പറേറ്റീവ് വകുപ്പ്, പട്ടികവർഗ വികസന വകുപ്പ്, മത്സ്യഫെഡ്, വ്യവസായ-വാണിജ്യ വകുപ്പ്, നോർക്ക, ഫാം ഇൻഫർമേഷൻ ബ്യൂറോ, കുടുംബശ്രീ, ഹാൻടെക്സ്, കയർ മാർക്കറ്റിങ് ഫെഡറേഷൻ, ഫിഷറീസ് (സാഫ്), അതിരപ്പള്ളി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി, കാർഷിക വികസന -കർഷക ക്ഷേമ വകുപ്പ്, കേരഫെഡ്, പ്ലാന്റേഷൻ ഡയറക്ടറേറ്റ്, ഹാൻഡി-ക്രാഫ്റ്റ് ഡവലപ്മെൻ്റ് കോർപ്പറേഷൻ (കൈരളി), ഹാൻവീവ്, തദ്ദേശ സ്വയംഭരണവകുപ്പ്, ഔഷധി, വിനോദസഞ്ചാര വകുപ്പ് എന്നിവയാണ് അന്താരാഷ്ട്ര വ്യാപാരമേളയിൽ കേരള പവലിയനിൽ സ്റ്റാളുകൾ ഒരുക്കിയത്.





ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന മേളയ്ക്ക് പാരീസിലെ യൂണിയൻ ഫെയർ ലെ ഇൻ്റർനാഷണലിൻ്റെ അംഗീകാരമുണ്ട്. ലോകത്തിലെ ഏറ്റവും വലിയ വ്യാപാരമേളകളിൽ ഒന്നായാണ് IITF പരിഗണിക്കപ്പെടുന്നത്.

*******************************************